**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കേരളോത്സവം 2016- സാമ്പത്തിക ബാദ്ധ്യത - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 972/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30.03.2017

---

പരാമർശം:- കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.02.2017 ലെ എച്ച്-757/17 നമ്പർ കത്ത്.

**ഉത്തരവ്**

കേരളോത്സവം 2016 നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിനത്തിൽ 2,00,000/- രൂപയും എക്സ്റ്റേർണലി എയ്ഡഡ് വിഭാഗത്തിൽ 2,00,000/- രൂപയും ഉൾപ്പെടെ 4,00,000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുകയും എന്നാൽ 2016 ഡിസംബർ 17 മുതൽ 21 വരെ നടന്ന ജില്ലാ കേരളോത്സവത്തിന് ആകെ 6,50,000/- രൂപയോളം ചെലവായതായും അധിക സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനസഹായം ലഭ്യമാക്കണമെന്ന് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2016 കേരളോത്സവത്തിനായി ചെലവായ അധിക സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനായും ചെലവുകളുടെ അന്തരം കുറയ്ക്കുന്നതിനും കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും പരമാവധി 5000/- (അയ്യായിരം) രൂപ വീതം കമ്മിറ്റി തീരുമാനത്തിന് വിധേയമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കുന്നതിനായി)
പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, കണ്ണൂർ
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം/കൊച്ചി/കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.